**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1001** **02-02-2026 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം മണ്ഡലത്തിൽ വനം-വന്യജീവി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ വനം വന്യജിവി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | **ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ വനംവകുപ്പ് 31.37 ലക്ഷം രൂപ ചെലവഴിച്ച് 369 ജണ്ടകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. മണ്ണാർക്കാട് റെയിഞ്ചിന് കീഴിലെ തൊട്ടുകാപ്പ് ഇക്കോ ടൂറിസം സെന്റർ പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി 15.87 ലക്ഷം രൂപ ചിലവഴിച്ച് നിലവിലെ ചിൽഡ്രൻസ് പാർക്ക് നവീകരണം, ഗാർഡനിംഗ്, ഫെൻസിംഗ്, ടോയ്‌ലറ്റ് ബ്ലോക്ക് നിർമ്മാണം, സി.സി.ടി.വി സ്ഥാപിക്കൽ എന്നീ പ്രവർത്തികൾ പൂർത്തീകരിച്ചു.**<br><br>**ഹരിതകേരളം പദ്ധതിയുടെ ഭാഗമായി 2021-22 വർഷത്തിൽ 13,000 കൂടതൈകളും, 2022-23 വർഷത്തിൽ 6000 കൂടതൈകളും, 8000 കൊയർ റൂട്ട് ട്രെയിനർ തൈകളും ഉല്പാദിപ്പിച്ച് സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി NABARD TRANCHE XXIX പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം മണ്ഡലത്തിലെ കടമ്പൂരിൽ പുതുതായി മണ്ണാർക്കാട് സോഷ്യൽ ഫോറസ്ട്രി റെയിഞ്ച് ഫോറസ്റ്റ് ഓഫീസ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ ക്വാർട്ടേഴ്സ് എന്നീ കെട്ടിടങ്ങളുടെ നിർമ്മാണം 2024-25 വർഷത്തിൽ ആരംഭിച്ച്, 2025-26 വർഷത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്.** |
| (ബി) | ഇക്കോ ടൂറിസം പദ്ധതി പ്രകാരം ഒറ്റപ്പാലം മണ്ഡലത്തിൽ എന്തൊക്കെ പദ്ധതികളാണ് നാളിതുവരെ നടപ്പിലാക്കിയത് എന്ന് വിശദമാക്കാമോ? | (ബി) | **ഒറ്റപ്പാലം മണ്ഡലത്തിൽ തൊട്ടുകാപ്പ്കുന്ന് ഇക്കോ ഷോപ്പ് പുനരുദ്ധാരണ പ്രവൃത്തി, തൊട്ടുകാപ്പ്കുന്ന് ഇക്കോ ടൂറിസം ഇൻഫർമേഷൻ സെന്റർ നവീകരണം എന്നീ പ്രവർത്തികൾ 15.87 ലക്ഷം രൂപ ചിലവഴിച്ച് പൂർത്തിയാക്കിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ